I/87246/2023

**തദ്ദേശ സ്വയം ഭരണ വകുപ്പ്**
**ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, എറണാകുളം.**
**സിവിൽ സ്റ്റേഷൻ, കാക്കനാട്, എറണാകുളം - 682 030**
**ഫോൺ: 0484 – 2422219, ഇ-മെയിൽ : jdlsgdekm@gmail.com**

നമ്പർ: LSGD/JD/EKM/862/D12(D9) **തീയതി: 30-09-2023**

**പ്രേഷകൻ**
ജോയിന്റ് ഡയറക്ടർ & ചെയർമാൻ
സിറ്റിസൺ അസിസ്റ്റന്റ് അദാലത്ത് ജില്ലാ സമിതി
തദ്ദേശ സ്വയംഭരണ വകുപ്പ്
എറണാകുളം

**സ്വീകർത്താവ്**
വികാർ
സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്
മാതിരപ്പള്ളി, കോതമംഗലം

സർ,

**വിഷയം :-** ത.സ്വ.ഭ.വകുപ്പ് - സിറ്റിസൺ അസിസ്റ്റന്റ് അദാലത്ത് ജില്ലാ സമിതി യോഗ തീരുമാനം സംബന്ധിച്ച്

**സൂചന :-** (1) സിറ്റിസൺ അസിസ്റ്റന്റ് അദാലത്ത് പോർട്ടൽ വഴി താങ്കൾ സമർപ്പിച്ച അപേക്ഷ.
(2) സീനിയർ ടൌൺപ്ലാനറുടെ 16/09/2023 ലെ LSGD/JD/EKM/2276/2023-PLG4 നമ്പർ കത്ത്.

************

മേൽ വിഷയത്തിലേയ്ക്കും സൂചനയിലേയ്ക്കും താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

സിറ്റിസൺ അസിസ്റ്റന്റ് പോർട്ടൽ മുഖേന കെട്ടിടനിർമ്മാണ ചട്ടവുമായി ബന്ധപ്പെട്ട് താങ്കൾ സമർപ്പിച്ച അപേക്ഷ 24/08/2023, 18/09/2023 തീയതികളിൽ ചേർന്ന ജില്ലാ സമിതിയോഗം പരിഗണിക്കുകയും സിനിയർ ടൌൺപ്ലാനറോട് വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടതനുസരിച്ച സൂചന(2) പ്രകാരം സീനിയർ ടൌൺപ്ലാനർ റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. ടി റിപ്പോർട്ടിൽ താഴെ പറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

1) പെർമിറ്റ് പ്രകാരം നിർമ്മിച്ച കെട്ടിടത്തിനും നിർമ്മാണം പൂർത്തിയായ ശേഷം ഒക്യുപെൻസി അനുവദിക്കുന്ന അവസരത്തിൽ സെറ്റ് ബാക്കിൽ ഉണ്ടാകുന്ന ചെറിയ വ്യതിയാനത്തിന് സെക്രട്ടറിയ്ക്ക് അനുവദിക്കാവുന്ന ഒരു ഇളവാണ് KMBR ചട്ടം 20(3) പ്രകാരമുള്ള 5% Tolerance. പരാമർശ നിർമ്മാണത്തിന് revised lay out അംഗീകാരത്തിന വേണ്ടിയാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. ആയതിനാൽ KMBR ചട്ടം 20(3) പരിഗണിച്ച് ലേ-ഔട്ട് അംഗീകാരം നൽകുവാൻ ചട്ടങ്ങളിൽ നിലവിൽ വ്യവസ്ഥ ഇല്ല.

2) പരാമർശം നിർമ്മാണം അംഗീകൃത ലേ ഔട്ട്/ബിൽഡിംഗ് പെർമിറ്റ് എന്നിവയിൽ നിന്നും വ്യതിചലിച്ച് കെട്ടിടത്തിന് ഒരു നില അധികമായി നിർമ്മിക്കുകയും ബിൽറ്റ്അപ്പ് ഏരിയയിൽ 1086.41 ചതുരശ്ര മീറ്ററിന്റെ വർദ്ധനവ് വരികയും ചെയ്തു. ഇപ്രകാരം നിർമ്മാണത്തിന് അംഗീകൃത ലേ-ഔട്ടിൽ നിന്നും ഗണ്യമായ വ്യത്യാസം വന്നിട്ടുള്ളതിനാൽ Revised Layout approval ഉം, revised permit/ regularisation നും ആവശ്യമാണ്. Revised Layout അനുവദിക്കുന്നതിലേയ്ക്ക് കെട്ടിടം പൂർണ്ണമായും KMBR ചട്ടങ്ങൾ പാലിക്കേണ്ടതാണ്.

3) ലേ ഔട്ട് അംഗീകാരം, പെർമിറ്റ് എന്നിവയിൽ നിന്നും വ്യതിയാനം വരുത്തി നിർമ്മിച്ച കെട്ടിടത്തിൽ മേൽപ്പറഞ്ഞ ചട്ടലംഘനങ്ങൾ നിലനിൽക്കുന്നതിനാൽ പി.എസ്.-2/37/2022/ത.സ്വ.ഭ.വകുപ്പ് തിരുവനന്തപുരം, തീയതി 11/04/2022 നമ്പർ സർക്കുലർ പ്രകാരമുള്ള ജില്ലാതല സമിതിയിലായിരുന്നു പ്രസ്തുത അപേക്ഷ അന്ന് പരിഗണിക്കേണ്ടിയിരുന്നത്. എന്നാൽ ജില്ലാതല സമിതി ടി അപേക്ഷ പരിഗണിച്ചതായി കാണുന്നില്ല.

മേൽ സാഹചര്യത്തിൽ പ്രസ്തുത കെട്ടിടത്തിന് തദ്ദേശ സ്ഥാപനതല സമിതി നൽകിയ ഇളവ് പരിഗണിച്ച് Revised ലേ ഔട്ട് അംഗീകാരം നൽകുന്നതിന് വ്യവസ്ഥയില്ല. ആയതിനാൽ ചട്ട ലംഘനം ഒഴിവാക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ കെട്ടിടത്തിൽ നടത്തി, ലേ ഔട്ട് അനുമതിയ്ക്ക് അപേക്ഷ പുനസമർപ്പിക്കുകയോ, അല്ലാത്ത പക്ഷം അനധികൃത നിർമ്മാണങ്ങൾ ക്രമവത്ക്കരിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് നിലവിൽ വരുന്ന മുറയ്ക്കോ പരിഗണിക്കുന്നതാണ് എന്നുള്ള സിറ്റിസൺ അസിസ്റ്റന്റ് അദാലത്ത് ജില്ലാസമിതിയുടെ തീരുമാനം താങ്കളെ അറിയിക്കുന്നു.

വിശ്വസ്തതയോടെ

SHAJI A V
ASSISTANT DIRECTOR
ജോയിന്റ് ഡയറക്ടർക്കു വേണ്ടി

Signed by
Shaji A V
Date: 30-09-2023 16:44:48